"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.സബൂറാ ബീവി (അസിസ്റ്റൻറ് സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്, ഇടുക്കി)- കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി -ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.2919/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/12/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ഫിൻ.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ഫിൻ

3 26.05.2017തീയതിയിലെ സ.ഉ(സാധാ)നം.1730/2017/തസ്വഭവ.

4 22.09.2017 തീയതിയിലെ സ.ഉ(സാധാ)നം.3112/2017/തസ്വഭവ

5 28.05.2019 തീയതിയലെ സ.ഉ(സാധാ)നം.1071/2019/തസ്വഭവ

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.10.2019 -ലെ 5941/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീമതി. സബൂറാബീവി-യെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവ്വ പ്രകാരം നിയമിക്കുകയും പരാമർശം(4)പ്രകാരം ടിയാരിക്ക് കൊല്ലം ജില്ലാ മിഷൻ ഓഫീസിലേക്ക് സ്ഥലംമാറ്റം അനുവദിക്കുകയും പരാമർശം(5) പ്രകാരം ടിയാളുടെ അന്യത്രസേവനം 31/05/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു

(2) ടിയാളുടെ അന്യത്രസേവന കാലാവധി 31/05/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01/06/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. സബൂറാബീവി-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/06/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.സബൂറാ ബീവി(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ